(ബി) അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മന്ത്രിമാരുടെയെങ്കിലും സ്വത്തു വിവരങ്ങൾ പ്രഖ്യാപിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജീവനക്കാരെ പിരിച്ചുവിടുന്നതു സംബന്ധിച്ച സുപ്രീംകോടതി വിധി

453 [802] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഭരണഘടനയിലെ 311—(2) ബി വകുപ്പ് അനുസരിച്ച് കേന്ദ്ര സംസ്ഥാന ജീവനക്കാരിൽ ആരെയും വിശദീകരണം ആവശ്യപ്പെടാതെ പിരിച്ചുവിടാൻ അധികൃതർക്ക് അധികാരവും അവകാശവും ഉണ്ടെന്നുള്ള സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടി വകുപ്പു ജീവനക്കാർക്ക് സംരക്ഷണം കിട്ടത്തക്ക വിധത്തിൽ ഭേദഗതി ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

ഉത്തരം

ഇല്ല.

ഡൽഹിയിലെ ട്രാവൻകൂർ ഹൗസ്

454 [803] ശ്രീ. കാനം രാജേന്ദ്രൻ:

ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ:

ശ്രീ. വി.കെ. രാജൻ:

,, പി. കുമാരൻ:

,, കെ.പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഡൽഹിയിലെ ട്രാവൻകൂർ ഹൗസ് കേരളാ ഗവൺമെന്റിന്റെ ഉപയോഗത്തിന് വീണ്ടെടുക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

ട്രാവൻകൂർ ഹൗസ് എത്രയും പെട്ടെന്ന് സ്റ്റേറ്റ് ഗവൺമെന്റിനു തിരിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റുമായി 1979—മുതൽ എഴുത്തുകുത്തുകൾ നടന്നുവരുന്നു. ഈ ഗവൺമെന്റ് ഭരണത്തിൽ വന്നശേഷം ഏറ്റവും ഒടുവിലായി 1985 മേയിൽ മുഖ്യമന്ത്രി കേന്ദ്ര ഭവനനിർമ്മാണ മന്ത്രിക്ക് നേരിട്ടെഴുതി ഇക്കാര്യത്തിൽ ഉടനെ തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ടിരുന്നു. ഇപ്പോൾ ട്രാവൻകൂർ ഹൗസിൽ പ്രവർത്തിച്ചു വരുന്ന എം.ആർ.ടി.പി. കമ്മീഷന്റെ ആഫീസ്

LIBRARY ARCHIVES Kerala Legislative Assembly